കുടുംബശ്രീ വാർത്താപത്രിക
കേരള സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പ്
ലക്കം 48 | 2013 ആഗസ്റ്റ് 1–15 | www.kudumbashree.org



**ഡോ.എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി

## കുടുംബശ്രീ ഉൽപന്നങ്ങളുമായി കേരളമൊട്ടാകെ ഓണച്ചന്തകൾ

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമൃദ്ധിയുടേയും സന്ദേശമുണർത്തുന്ന പൊന്നോണത്തിന് കുടുംബശ്രീ ഇത്തവണയും വൈവിധ്യമാർന്ന വിഭവങ്ങൾ കേരളീയർക്ക് ഒരുക്കുന്നു. ഓണത്തിന് സദ്യയൊരുക്കാൻ കുടുംബശ്രീ പ്രവർത്തകർ ഉൽപാദിപ്പിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയ പച്ചക്കറികളുമായി സംസ്ഥാനമൊട്ടാകെ കുടുംബശ്രീ ഓണച്ചന്തകൾ സജീവമാവുകയാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളും കുടുംബശ്രീ സംഘടനാ സംവിധാനവും സംയുക്തമായാണ് ഓണച്ചന്തകൾ സംഘടിപ്പിക്കുന്നത്.

**'ഓണാഘോഷങ്ങൾക്ക് പകിട്ടേകാൻ ഗൃഹാതുരത്വം വിളിച്ചോതുന്ന കുടുംബശ്രീ ഉൽപന്നങ്ങൾ'** എന്നതാണ് ഇത്തവണ കുടുംബശ്രീ ഓണച്ചന്തകളുടെ സന്ദേശം. സംസ്ഥാനമൊട്ടാകെ1300 ഓണച്ചന്തകളാണ് ഇത്തവണ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്നത്. 40 കോടിരൂപയുടെ വിറ്റുവരവാണ് നാം ഓണം വിപണിയിൽ നിന്നും പ്രതീക്ഷിക്കുന്നത്. വൈവിധ്യമാർന്ന ഉൽപന്നങ്ങളുടെ ശ്രേണി നിരത്തിക്കൊണ്ടാണ് ഇപ്രാവശ്യവും കുടുംബശ്രീ ഓണച്ചന്തകൾ സംഘടിപ്പിച്ചിട്ടുള്ളത്. സംഘകൃഷിയിലൂടെ ജൈവവളം ഉപയോഗിച്ച് കുടുംബശ്രീ പ്രവർത്തകർ ഉൽപാദിപ്പിച്ച പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ എന്നിവയ്ക്ക് പുറമേ വിവിധയിനം അച്ചാറുകൾ, പലഹാരങ്ങൾ, കറിപൗഡറുകൾ, തേൻ, കരകൗശല വസ്തുക്കൾ, അലങ്കാര വസ്തുക്കൾ, വസ്ത്രങ്ങൾ തുടങ്ങിയവ ഓണച്ചന്തയിൽ ലഭ്യമാകും. കൂടാതെ ഓണച്ചന്തകൾ ആകർഷകമാക്കാൻ ഇതിനോടൊപ്പം ഓരോ സ്ഥലത്തും കുടുംബശ്രീ ബാലസഭാംഗങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികളും കൂടാതെ പായസമേളകളും ഉണ്ടാകും.

കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുന്ന എല്ലാ വ്യക്തിഗത-ഗ്രൂപ്പ് സംരംഭകരും അവരുടെ ഉൽപന്നങ്ങൾ ഓണച്ചന്തകളിൽ പ്രദർശിപ്പിക്കാനും വിൽക്കാനും എത്തുന്നു എന്നുറപ്പു വരുത്താൻ കുടുംബശ്രീ ജില്ലാ-സംസ്ഥാന മിഷനുകൾ വിപുലമായ ഒരുക്കങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

'കുടുംബശ്രീ' എന്നും കേരളത്തിലെ കുടുംബങ്ങൾക്കൊപ്പം.

**ഹൃദ്യമായ ഓണാശംസകൾ**

ഡോ.എം.കെ.മുനീർ

## കുടുംബശ്രീ വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾക്ക് തുടക്കം



*കുടുംബശ്രീ രൂപീകരിക്കുന്ന വനിത കൺസ്ട്രക്ഷൻ ഗ്രൂപ്പുകളിലെ മേസ്തിരിമാർക്കുള്ള പരിശീലന പരിപാടി പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്യുന്നു.*

നിർമാണ മേഖലയിൽ വനിതാ പങ്കാളിത്തം ലക്ഷ്യമിട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സ്ത്രീകൾക്ക് മാത്രം പങ്കാളിത്തമുള്ള കൺസ്ട്രക്ഷൻ ഗ്രൂപ്പുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മേസ്തിരിമാർക്കുള്ള പരിശീലന പരിപാടി എറണാകുളം തൃക്കാക്കരയിൽ പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്തു. കെട്ടിട നിർമാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യാറാകും വിധം വനിതകൾക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കുകയാണ് ലക്ഷ്യം.

പുതുതായി വരുന്ന കൺസ്ട്രക്ഷൻ ഗ്രൂപ്പിലെ എഞ്ചിനീയർമാർ മുതൽ സാധാരണ തൊഴിലാളികൾ വരെ വനിതകളായിരിക്കും. കിറ്റ്കോയുടേയും ജ്യോതിജീവികയുടെയും സഹകരണത്തോടെയാണ് വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളിലെ മേസ്തിരിമാർക്ക് പരിശീലനം നൽകുന്നത്. ഹഡ്കോയുടെ സാമൂഹിക ഉത്തരവാദിത്വ പദ്ധതിയുടെ ഭാഗമായാണ് ഈ വൈദഗ്ധ്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കുടുംബശ്രീ അംഗങ്ങളിൽ നിന്നും അവരുടെ കുടുംബാംഗങ്ങളിൽ നിന്നുമാണ് തൊഴിലാളികളെ തിരഞ്ഞെടുക്കുക.

16 കമ്പനികളാകും ആദ്യം രൂപീകരിക്കുക. പത്ത് വനിതാ സിവിൽ എൻജിനീയറിംഗ് ബിരുദധാരികൾ, 30 സിവിൽ ഡിപ്ളോമ-ഐ.ടി.സി യോഗ്യതയുള്ളവർ, 150 മേസ്തിരിമാർ, 15 വീതം ഇലക്ട്രീഷ്യൻമാർ, പ്ളംബർമാർ എന്നിവർക്കാണ് പരിശീലനം നൽകുന്നത്. സ്റ്റൈപെൻഡോടു കൂടിയ പരിശീലനമാണ് ഇവർക്ക് നലകുന്നത്. ഗവൺമെന്റ് അംഗീകൃത ഏജൻസികളായി ഈ ഗ്രൂപ്പുകളെ പരിഗണിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്.

ഉദ്ഘാടനച്ചടങ്ങിൽ ബെന്നി ബെഹനാൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. മേയർ ടോണി ചമ്മണി, ജില്ലാ കലക്ടർ പി.ഐ.ഷേയ്ഖ് പരീത്, തൃക്കാക്കര മുനിസിപ്പൽ ചെയർമാൻ പി.ഐ.മുഹമ്മദലി, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ഷേർളി സ്റ്റീഫൻ, കുടുംബശ്രീ ഡയറക്ടർ എബി പോൾ, പ്രോഗ്രാം ഓഫീസർ എസ്.കാർത്തികേയൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ് എന്നിവർ സംസാരിച്ചു.

### ജെൻഡർ കോർണർ : അവലലോകന യോഗം

കോട്ടയം ജില്ലയിൽ ടി.വി.പുരം പഞ്ചായത്തിൽ കുടുംബശ്രീ ജെൻഡർ കോർണറിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനുമായി സംഘടിപ്പിച്ച മാസാവലോകന യോഗം വൈക്കം വനിതാ സിവിൽ പോലീസ് ഓഫീസർ ഹണി.കെ.ദാസ് ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ സുമ അനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. 422 കുടുംബശ്രീ അംഗങ്ങൾ, കുടുംബശ്രീ പ്രസിഡന്റ്മാർ, സെക്രട്ടറിമാർ, സി.ഡി.എസ്, ഏ.ഡി.എസ് ഭാരവാഹികൾ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

### പൊന്നിൻ ചിങ്ങത്തിൽ 'ഓണപ്പറവ'കളാകാൻ കുടുംബശ്രീ ബാലസഭാംഗങ്ങളുടെ കൂട്ടായ്മ

ഓണാവധിക്കാലത്ത് സംസ്ഥാനത്തെ മുഴുവൻ സി.ഡി.എസുകളിലും കുടുംബശ്രീ ബാലസഭകൾ 'ഓണപ്പറവകൾ' എന്ന പേരിൽ ബാലസഭാ കുട്ടികൾക്കായി ദ്വിദിന അവധിക്കാല ക്യാമ്പ് നടത്തുന്നു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം കുടുംബശ്രീ ബാലസഭകളിലൂടെ വീണ്ടും സമൂഹത്തിലെത്തിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ക്യാമ്പ് നടത്തുന്നത്.

സി.ഡി.എസ് തലത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റേയും മറ്റ് സാമൂഹിക സംഘടനകളുടേയും സഹായത്തോടെയാണ് 'ഓണപ്പറവകൾ' സംഘടിപ്പിക്കുന്നത്. കുട്ടികളിൽ ഉണർവും ഉത്സാഹവും സംഘബോധവും വളർത്തുന്നതിനും ചിങ്ങമാസത്തിന്റെ സവിശേഷതകളും കാർഷിക വിളവെടുപ്പ് മഹോത്സവങ്ങളുടെ കഥകൾ അറിയാനും പങ്കിടാനും ഉപകരിക്കും വിധത്തിലാണ് എ.ഡി.എസ്- സി.ഡി.എസ് സമിതികളുടെ പ്രവർത്തനം സജീവമാക്കുക എന്നിവയും ക്യാമ്പിന്റെ ലക്ഷ്യങ്ങളാണ്.

ക്യാമ്പിന്റെ ഭാഗമായി സി.ഡി.എസ്-പഞ്ചായത്ത്-നഗരസഭ എന്നിവിടങ്ങളിലെ മുതിർന്നവരുമായി കുടുംബശ്രീ ബാലസഭാംഗങ്ങൾ ഓണത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട ഐതിഹ്യത്തെക്കുറിച്ചും സംവദിക്കും. കൂടാതെ ഓണവുമായി ബന്ധപ്പെട്ട കഥകൾ, ഓണസ്മൃതികൾ, അനുഭവങ്ങൾ, പഴമയും കാർഷിക സംസ്കൃതികളും ഇവയെ കുറിച്ചെല്ലാം മുതിർന്നവരുമായി പങ്കുവയ്ക്കാനുള്ള വേദി കൂടിയാകും ക്യാമ്പ്. ഓണവുമായി ബന്ധപ്പെട്ട എല്ലാ വിധ സന്തോഷവും വീണ്ടെടുക്കുന്നതിനായി വിവിധ ഓണക്കളികൾ, ഓണപ്പാട്ടുകൾ, പഴയ നാടൻ കളികൾ, പഴഞ്ചൊല്ലുകൾ, കൊയ്ത്തുപാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, അത്തപ്പൂക്കളം, പുലികളി, വടംവലി, ലഘു നാടകങ്ങൾ, നിർമാണ പ്രവർത്തനങ്ങൾ എന്നിവയും ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. പൊതുജന പങ്കാളിത്തം ലഭിക്കുന്ന പൊതുസ്ഥലത്തു വച്ചായിരിക്കും ഓണാവധിക്കാല ക്യാമ്പ് നടത്തുക. ഓരോ ബാലസഭ-ബാലസമിതിയിൽ നിന്നും രണ്ടോ നാലോ കുട്ടികൾക്ക് പങ്കെടുക്കാനാകും.

**ഒന്നാം ദിവസം**

ഉദ്ഘാടനം(9.30–10.00), ഓണം-ഐതിഹ്യം-ഓണസ്മൃതികൾ-കാർഷികകോത്സവം എന്നിവയെ കുറിച്ച് അനുഭവം പങ്കു വയ്ക്കൽ(10.00–10.30), സംഘം ചേർന്നുള്ള കളികൾ(10.30–11), 'എന്റെ സങ്കൽപത്തിലെ ഓണം-പഴമയുടെ സൗന്ദര്യവും പുതുമയുടെ സാങ്കേതികത്വവും' കുട്ടികൾ തന്നെ തയ്യാറാക്കുന്ന സ്കിറ്റ് അവതരണം-മുതിർന്നവർക്കും പങ്കാളികളാവാം(11.00–1.00), ഓണസദ്യ(വിവിധ വാർഡുകളിൽ നിന്നും തയ്യാറാക്കി എത്തിക്കുന്നതോ മുതിർന്നവരുടെ നേതൃത്വത്തിൽ കുട്ടികൾ തന്നെ തയ്യാറാക്കുന്നതോ ആയ ഓണസദ്യ(1.00–2.00), നിർമാണ പ്രവർത്തനങ്ങൾ(2.00–3.00), ഓണപ്പാട്ടുകൾ-സമാപനം(3.00–4.30)

**രണ്ടാം ദിവസം**

പൂക്കളമൊരുക്കൽ-മത്സരം(9.30–11.00), ഓണക്കളികൾ, ഊഞ്ഞാലാട്ടം (11.00–1.00), ഓണസദ്യ(1.00–2.00), ഏകാംഗ-സംഘ മത്സരങ്ങൾ (2.00–4.00), സമ്മാന വിതരണം-സമാപനം (4.30–5.30)

ഓരോ സിഡി.എസിലും ബാലസഭാംഗങ്ങളുടെ ഒത്തുചേരലും കൂട്ടായ്മയും, അതിന്റെ ഊഷ്മളതയും പ്രാധാന്യവും മുതിർന്നവരിലും എത്തിക്കുക, കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കുക, ബാലസഭാ പ്രവർത്തനങ്ങൾക്ക് സി.ഡി,എസുകളിൽ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്യാമ്പ് നടത്തുക.

ബാലസഭയുടെ നിരന്തരമായ പ്രവർത്തനങ്ങളിൽ നഗരസഭാ-പഞ്ചായത്ത് സി.ഡി.എസുകളുടെ സഹകരണം ഉറപ്പു വരുത്തുക, ബാലസഭ-ബാലപഞ്ചായത്ത്-കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി സംഘടിപ്പിക്കും.

സി.ഡി.എസ്-എ.ഡി.എസ് തലത്തിൽ ബാലസഭാ പ്രവർത്തനങ്ങൾക്കു വേണ്ടി മാത്രം രൂപപ്പെടുത്തുന്ന പിന്തുണാ സംവിധാനമായ സൗഹൃദസമിതികൾക്കാണ് ഈ ഓണക്കാല ക്യാമ്പിന്റെ നേതൃത്വം വഹിക്കാനുള്ള ചുമതല. ഇതിനായി സി.ഡി.എസ് അംഗങ്ങൾ, ബാലപഞ്ചായത്ത്-ബാലസഭാംഗങ്ങൾ, പഞ്ചായത്ത്-നഗരസഭാ ഭരണ സമിതി അംഗങ്ങൾ, പൊതു പ്രവർത്തകർ, സന്നദ്ധ സംഘടനാ ഭാരവാഹികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി സംഘാടന സമിതി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്-നഗരസഭാ അദ്ധ്യക്ഷൻ എന്നിവരായിരിക്കും സംഘാടന സമിതിയുടെ ചെയർമാൻ ആവുക. സമിതിയുടെ കൺവീനർ സി.ഡി.എസ് ബാലസഭാ കൺവീനറായിരിക്കും

## ആശ്രയ പദ്ധതി രണ്ടാം ഘട്ടം:
## ഈ വർഷം 500 തദ്ദേശസ്ഥാപനങ്ങളിൽ നടപ്പാക്കും

സംസ്ഥാനത്തെ 500 തദ്ദേശസ്ഥാപനങ്ങളിൽ കൂടി ആശ്രയ പദ്ധതി ഈ വർഷം നടപ്പാക്കും. കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹികമായി ബഹിഷ്കൃതരും പാർശ്വവൽകരിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് എന്നിവ ലഭ്യമാക്കലും പദ്ധതിയുടെ ഭാഗമായി നൽകുന്നു.

ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപെടാത്തതും അതിന് അർഹതയുള്ളവരുമായ അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ആശ്രയ രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാംഘട്ട പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി ചില പരിഷ്കാരങ്ങളോടു് കൂടിയാണ് രണ്ടാം ഘട്ടം നടപ്പാക്കുന്നത്.

ഇതുപ്രകാരം പ്രാഥമിക-കമ്മ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങളിൽ എത്തി മരുന്ന് വാങ്ങുന്നതിന് നിവൃത്തിയില്ലാത്ത അവശരായ രോഗികൾക്ക് ആരോഗ്യകേന്ദ്രങ്ങളിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മരുന്ന് വീട്ടിൽ ലഭ്യമാക്കും.

ദീർഘകാല രോഗങ്ങൾ ബാധിച്ചവർക്കും ആസ്പത്രിയിലോ വീട്ടിലോ കിടത്തി ചികിത്സ ആവശ്യമുള്ളവർക്കും പരിചരണ സാമഗ്രികളായ കട്ടിൽ, വാട്ടർബെഡ്, വീൽ ചെയർ, ഡ്രിപ്സ്റ്റാൻഡ്, ഡ്രസ്സിംഗ് ഉപകരണങ്ങൾ തുടങ്ങിയവ മരുന്നിനു പുറമെ ലഭ്യമാക്കും. ഇതിനു പുറമെ പോഷകാഹാര കിറ്റിനായി വകയിരുത്തിയിട്ടുള്ള തുക ഒരംഗത്തിന് 200 രൂപയായും രണ്ട് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 300 രൂപയായും മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 400 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തുടർസഹായം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി അതിജീവനാവശ്യങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതിനു ശേഷവും ഗുണഭോക്താവിന്റെ ശാരീരിക അവശത കണക്കിലെടുത്ത് തുടർസഹായം ആവശ്യമുള്ളവർക്ക് സഹായം ലഭ്യമാക്കാനും രണ്ടാംഘട്ടത്തിൽ തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കാൻ ഏതാണ്ട് 75 കോടിക്കും 80 കോടിക്കും ഇടയിൽ തുകയാണ് പ്രതീക്ഷിക്കുന്നത്.

### കുഞ്ഞമ്മചേച്ചി




**ഓണത്തിന് എല്ലാ ജില്ലകളിലും സംഘകൃഷി ഗ്രൂപ്പുകൾ ജൈവവളം ഉപയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികളുമായി കുടുംബശ്രീ ഓണച്ചന്തകൾ**

## കുടുംബശ്രീ ഓണച്ചന്തകൾ:
### ജില്ലകളിൽ ഒരുക്കങ്ങൾ തുടങ്ങി

'ഓണാഘോഷങ്ങൾക്ക് ഗൃഹാതുരത്വം വിളിച്ചോതുന്ന കുടുംബശ്രീ ഉൽപന്നങ്ങൾ' എന്ന സന്ദേശവുമായി ഈ വർഷം വിവിധങ്ങളായ പരിപാടികളോടെ കുടുംബശ്രീ ഓണച്ചന്തകൾക്കായി വിപുലമായ ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. സെപ്റ്റംബർ പത്തു മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ജില്ലാ-നഗരസഭ-ബ്ളോക്ക്-സി.ഡി.എസ്തലങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംഘടനാ സംവിധാനവും പരസ്പരം കൈകോർത്തുകൊണ്ടാണ് ഓണച്ചന്തകൾ സംഘടിപ്പിക്കുന്നത്.

സംസ്ഥാന വ്യാപകമായി 1300 ഓണച്ചന്തകളാണ് ഇത്തവണ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്നത്. 40 കോടി രൂപയാണ് ഈ ചന്തകളിൽ നിന്നു പ്രതീക്ഷിക്കുന്നത്. മുഴുവൻ കുടുംബശ്രീ സംരംഭകരുടേയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനൊപ്പം പ്ളാസ്റ്റിക് വിമുക്ത ചന്ത, ശുചീകരണം, തനിമ എന്നിവയും ഈ വർഷത്തെ പ്രത്യേകതയായിരിക്കും.

ഓണച്ചന്തയുടെ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടാൻ കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപുലമായ പ്രദർശനം, വിപണനം, കഫേ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ഭക്ഷ്യമേള, ബാലസഭയുടെ നേതൃത്വത്തിൽ പൂക്കള മത്സരം, കുടുംബശ്രീ പ്രവർത്തകരുടെ കലാപരിപാടികൾ, പായസമേള എന്നിവയുമുണ്ടാകും.

**രണ്ടാം പേജ് കാണുക ⇨**

കുടുംബശ്രീ വാർത്താപത്രിക

## കുടുംബശ്രീ വിപണന കേന്ദ്രം



കോട്ടയം ജില്ലയിൽ ടി.വി.പുരം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ വിപണന കേന്ദ്രം പഞ്ചായത്ത് പ്രസിഡന്റ് കവിതാ റെജി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എം.എസ് രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

കുടുംബശ്രീ അംഗങ്ങൾ ഉൽപാദിപ്പിക്കുന്ന ഏതൊരു ഉൽപന്നത്തിനും വിപണി സൗകര്യം ഉറപ്പാക്കിക്കൊണ്ട് പ്രാദേശിക വികസനത്തിനു വേഗം കൂട്ടുക എന്ന ലക്ഷ്യത്തോടെയാണ് സംരംഭം തുടങ്ങിയിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾ, അരിപ്പൊടി, പുട്ടുപൊടി, ഇറച്ചിക്കോഴി, മുട്ട, വിവിധയിനം പച്ചക്കറി വിത്തുകൾ, മുളപ്പിച്ച തൈകൾ എന്നിവ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്.

അലങ്കാര മത്സ്യം, മുയൽ ഇറച്ചി എന്നിവയുടെ വിൽപന യഥാക്രമം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശോഭാലക്ഷ്മി, ജില്ലാ മിഷൻ മുൻ കോ-ഓർഡിനേറ്റർ ഡോ.എം.കെ.ദിലീപ് എന്നിവർ നിർവഹിച്ചു. ലത മഞ്ജുഷ, സെബാസ്റ്റ്യൻ ആന്റണി, സിന്ധു മധു, സിനി ഷാജി, ബീന മോഹൻ, ഗീത പ്രകാശൻ, വിജി സുന്ദരൻ എന്നിവർ പ്രസംഗിച്ചു.

## ബാലസഭാ കൺവീനർമാർക്ക് ദ്വിദിന പരിശീലനം

കുടുംബശ്രീ ബാലസഭാ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, ശ്രീകൃഷ്ണപുരം, അട്ടപ്പാടി ബ്ളോക്കുകളിലെ പഞ്ചായത്തുകളിൽ നിന്നുള്ള ബാലസഭാ കൺവീനർമാർക്ക് ദ്വിദിന പരിശീലനം നൽകി. പരിശീലന പരിപാടി അഡ്വ. എൻ.എം. ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റഫീക്ക് കുന്തിപ്പുഴ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ, ബാലസഭ കൺസൾട്ടന്റ് ഷബാന ആസ്മി, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പരിശീലന ക്ളാസുകൾ നയിച്ചു.

## ബാലസഭാ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ സി. ഡി. എസ് റിസോഴ്സ് പേഴ്സൺമാർക്ക് ക്ളസ്റ്റർതല പരിശീലനം

കോഴിക്കോട് ജില്ലയിലെ കുടുംബശ്രീ ബാലസഭാ പ്രവർത്തനങ്ങൾക്ക് പുതിയ വേഗവും മാനവും ദിശാബോധവും നൽകുന്നതിന്റെ ഭാഗമായി ജില്ലയിൽ സി.ഡി.എസ് റിസോഴ്സ് പേഴ്സൺമാർക്ക് ദ്വിദിന ക്ളസ്റ്റർ പരിശീലനം നൽകി.

ജില്ലയിലെ സി.ഡി.എസുകളെ പ്രാദേശികതലത്തിൽ എട്ടു ക്ളസ്റ്ററുകളായി തിരിച്ച് ആകെ 340 റിസോഴ്സ് പേഴ്സൺമാർക്കാണ് പരിശീലനം നൽകിയത്. ആദ്യദിനം ബാലസഭാ പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിലുള്ള പരിശീലനവും രണ്ടാം ദിവസം സി.ഡി.എസ്തലത്തിൽ ബാലസഭയുടെ ഓണാഘോഷങ്ങൾക്കു വേണ്ടിയുള്ള പരിശീലനവുമാണ് നൽകിയത്. ജില്ലാ മിഷൻ ടീം അംഗങ്ങൾ, ബാലസഭാ കോർ റിസോഴ്സ് പേഴ്സൺമാർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## കർഷക സഹായകേന്ദ്രം ഉദ്ഘാടനം

തൃശൂർ ജില്ലയിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഭാഗമായി ആരംഭിച്ച കർഷക സഹായ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ.സതീശൻ നിർവഹിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ അസി..കോ-ഓർഡിനേറ്റർ പി.എം.ജോസ്, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് ആദർശ് പി.ദയാൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇന്ദിരാ ദിവാകരൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുലോചന സുധാകരൻ, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ.നമ്പൂതിരി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോസഫ്, മെമ്പർമാരായ സിന്ധു, ലത, കല്യാണിക്കുട്ടി, സജീവൻ വിൻസി, സി.ഡി.എസ് ചെയർപേഴ്സൺ ശ്യാമള അയ്യപ്പൻ, മെമ്പർ സെക്രട്ടറി വേലായുധൻ തുടങ്ങിയവർ പങ്കെടുത്തു.

## കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർക്ക് പരിശീലന പരിപാടി

കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളുടെ ചാർജ് ഓഫീസറും കുടുംബശ്രീ മെമ്പർ സെക്രട്ടറിയുമായി നിയമിതരായ പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തിലെയും അസി.സെക്രട്ടറിമാർക്ക് പരിശീലന പരിപാടി നടത്തി.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം ജില്ലാ കളക്ടർ അലി അസ്ഗർ പാഷ നിർവഹിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ഓഫീസ് സൂപ്രണ്ട് തുളസീദാസ് വിഷയാവതരണം നടത്തി. പി.ഉണ്ണികൃഷ്ണൻ, അസി.കോ-ഓർഡിനേറ്റർമാരായ കെ.വി. രാധാകൃഷ്ണൻ, എ.മൊയ്തീൻ, കുടുംബശ്രീ കൺസൾട്ടന്റ്മാരായ മിനി.കെ.ജി, ബിബിൻ മാനുവൽ, മുരളീധരൻ, ബിനുമോൾ, ശബാന ആസ്മി, കുടുംബശ്രീ പരിശീലന ഗ്രൂപ്പായ സ്പാരോ ടീം അംഗമായ കുമാരി തുടങ്ങിയവർ ക്ളാസുകൾ നയിച്ചു.

## സംരംഭകത്വ ശിൽപശാല

കുടുംബശ്രീ വയനാട് ജില്ലാ മിഷനും തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും സംയുക്തമായി 'ദിശ-2013' ശിൽപശാല സംഘടിപ്പിച്ചു. ജില്ലയിൽ സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സ്ത്രീകളെ സ്വയം സംരംഭ മേഖലയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംരംഭ ബോധവൽക്കരണ ശിൽപശാല സംഘടിപ്പിച്ചത്.

സംരംഭകത്വ ബോധവൽക്കരണം, സ്വയം സംരംഭകത്വത്തിന്റെ ആവശ്യകത സ്ത്രീകളിൽ, സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളും പദ്ധതികളും എന്നീ വിഷയങ്ങളിൽ പ്രൊഫ.എ.എ.സതീശൻ, കെ.വർഗീസ്, ബി.ജി.ജ്യോതിരാജ്, എന്നിവർ ക്ളാസുകൾ നയിച്ചു.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശിൽപശാല ഉദ്ഘാടനം ചെയ്തു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ രമേഷ് അദ്ധ്യക്ഷത വഹിച്ചു. അസി.കോ-ഓർഡിനേറ്റർമാരായ മുംതാസ് കാസിം, യു.എസ്.സലീന, കെ.സ്മിതേഷ്, പുഷ്പ മാത്യു എന്നിവർ സംസാരിച്ചു.

## ഇനി ഞാൻ...



# കടക്കെണിയിൽ നിന്നും മോചനം നൽകിയ കൂട്ടുകാരി

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്ത് സി.ഡി.എസിലെ വൃന്ദ കുടുംബശ്രീ യൂണിറ്റിന്റെ സെക്രട്ടറിയാണ് ഞാൻ. ഭർത്താവും രണ്ട് മക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം.

വാടക വീട്ടിലാണ് ഞങ്ങളുടെ താമസം. നാലു വർഷം മുമ്പ് എന്റെ ഭർത്താവിന് ഒരു ഫൈനാൻസ് കമ്പനിയിലായിരുന്നു ജോലി. മറ്റെല്ലാവരേയും പോലെ സ്വന്തമായൊരു വീട് ഞങ്ങളുടേയും സ്വപ്നമായിരുന്നു. അതുകൊണ്ട് ഫൈനാൻസ് കമ്പനിയിൽ നിന്നും കിട്ടുന്ന തുച്ഛമായ വരുമാനത്തിൽ നിന്ന് ഒരു ചെറിയ പങ്ക് മാറ്റി വച്ച് ഞങ്ങൾ ഒരു വീട് വാങ്ങി.

പുതിയ വീട്ടിലേക്ക് താമസം മാറാൻ പോകുന്നതിന്റെ സന്തോഷത്തിൽ കഴിയുമ്പോഴാണ് ജീവിതത്തെ തകിടം മറിക്കുന്ന ആ സംഭവമുണ്ടായത്. ഫൈനാൻസ് കമ്പനി നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്റെ ഭർത്താവ് കമ്പനി ഉടമയ്ക്ക് പല ബ്ളേഡുകാരിൽ നിന്നും സ്വന്തം ജാമ്യത്തിൽ നാല് ലക്ഷത്തോളം രൂപ വാങ്ങിക്കൊടുത്തിട്ടുണ്ടെന്ന് ഞാനറിഞ്ഞത് ആ സമയത്താണ്. ഞങ്ങളെ വിഷമിപ്പിക്കേണ്ട എന്നു കരുതി ഇത്തരം കാര്യങ്ങളൊന്നും ഭർത്താവ് ഞങ്ങളോടാദ്യം പറഞ്ഞിരുന്നില്ല. പക്ഷേ ഇത്രയൊക്കെ ചെയ്തിട്ടും കമ്പനി പൂട്ടി ഉടമസ്ഥൻ നാട് വിട്ടു.

ഉടമസ്ഥൻ മുങ്ങിയതോടെ അയാൾക്ക് ജാമ്യം നിന്ന എന്റെ ഭർത്താവിനെ പണം കടം കൊടുത്ത ആളുകൾ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടേയിരുന്നു. ആകെയുണ്ടായിരുന്ന ജോലിയും പോയി വരുമാനവും നിലച്ചതോടെ ജീവിതം വല്ലാത്തൊരു പ്രതിസന്ധിയിലായി. ബ്ളേഡുപലിശക്കാരുടെ ഉപദ്രവത്തിനു മുന്നിൽ പിടിച്ചു നിൽക്കാൻ ഒരു വഴിയും കാണാതെ വന്നതോടെ കൂട്ട ആത്മഹത്യയെക്കുറിച്ചു പോലും ഞാൻ ചിന്തിച്ചു. പിന്നെ ഏറെ മോഹിച്ചു വാങ്ങിയ വീട് ഒരു പാട് സങ്കടത്തോടെയാണെങ്കിലും തുച്ഛമായ വിലയ്ക്ക് വിറ്റു. താലിമാല യ



*ലീലാവതി*

ടക്കം ഉണ്ടായിരുന്ന ഇത്തിരി ആഭരണങ്ങളും വിറ്റു പെറുക്കി കുറച്ചൊക്കെ കടം വീട്ടി. എന്നിട്ടും പലിശയ്ക്കുമേൽ പലിശ കുന്നു കൂടിക്കൊണ്ടേയിരുന്നു. ചുറ്റോടുചുറ്റും കടം മാത്രം ബാക്കിയായി. ജീവിക്കാൻ ഒരു വഴിയും കാണാതെ ഇരുട്ടിലായ നാളുകളായിരുന്നു പിന്നീട്.

ഇതിനിടയിൽ ദൈവാനുഗ്രഹം പോലെയാണ് എന്റെ ഭർത്താവിന് ഒരു ഗ്യാസ് ഏജൻസിയിൽ ജോലി കിട്ടിയത്. അതിൽ നിന്നു കിട്ടുന്ന വരുമാനം കടം വീട്ടാൻ പോലും തികയുമായിരുന്നില്ല. എങ്കിലും അത്രയെങ്കിലുമായല്ലോ എന്നാശ്വസിച്ചു.

ഈ അവസരത്തിലാണ് ഞങ്ങളുടെ പഞ്ചായത്തിലെ ഒരു എ.ഡി.എസ് മീറ്റിംഗിൽ പങ്കെടുക്കാൻ ഞാൻ പോയത്. അവിടെ വച്ച് കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റിനെ സി.ഡി.എസിൽ ആവശ്യമുണ്ടെന്ന് അറിഞ്ഞതിനെ തുടർന്ന് ഞാൻ എന്റെ പേര് കൊടുക്കുകയും എന്നെ അതിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. എം.ഇ.സിയായി ജോലി ചെയ്യണമെങ്കിൽ പല സ്ഥലങ്ങളിലും ട്രെയിനിങ്ങുകൾക്ക് പോകണമായിരുന്നു. ആ സമയത്ത് എന്റെ രണ്ടാമത്തെ കുഞ്ഞിന് ഒരു വയസ് പോലും തികഞ്ഞിരുന്നില്ല. എന്നിട്ടും കുഞ്ഞിനെ അമ്മയേയും ഭർത്താവിനേയും ഏൽപിച്ചിട്ട് ഞാൻ എറണാകുളത്ത് പോയി പരിശീലന പരിപാടിയിൽ പങ്കെടുത്തു. കുഞ്ഞിനെ പിരിഞ്ഞ് പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ വേണ്ടി പോകുന്ന അവസരങ്ങളിൽ ഞാൻ ഒരു പാട് വിഷമിച്ചിട്ടുണ്ട്. പക്ഷേ അപ്പോഴെല്ലാം ഭർത്താവും വീട്ടുകാരും എന്നെ ആശ്വസിപ്പിക്കുകയും എനിക്ക് പൂർണ പിന്തുണ നൽകുകയും ചെയ്തു. ഇപ്പോൾ സ്വന്തം പഞ്ചായത്തിലും മറ്റ് പഞ്ചായത്തുകളിലും ചെറുകിട സംരംഭങ്ങൾ തുടങ്ങാനാവശ്യമായ നിർദേശങ്ങൾ നൽകാനും പ്രോജക്ടുകൾ തയ്യാറാക്കാനും എനിക്കു കഴിയുന്നു. ഭർത്താവിന്റെ വരുമാനത്തോടൊപ്പം എനിക്കു കിട്ടുന്ന വരുമാനം കൂടി ചേർത്ത് ഞങ്ങൾ കടങ്ങളെല്ലാം ഏകദേശം വീട്ടി. ഇതിന് എന്നെ സഹായിച്ചത് കുടുംബശ്രീയാണ്. എന്നേക്കാൾ ദരിദ്രരും സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരും ഈ സമൂഹത്തിലുണ്ടെന്ന് എനിക്കു മനസിലാക്കാൻ കഴിഞ്ഞത് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെയാണ്. സ്വന്തമായൊരു വീട് എന്ന സ്വപ്നം ഇപ്പോഴും മനസിലുണ്ട്. അത് സാക്ഷാത്ക്കരിക്കാൻ കുടുംബശ്രീ എന്നെ സഹായിക്കുമെന്ന ആത്മവിശ്വാസത്തോടും പ്രതീക്ഷയോടും കൂടി മുന്നോട്ടു പോവുകയാണ് ഞാൻ.

**പാലക്കാട് ജില്ലയിൽ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വൃന്ദ കുടുംബശ്രീ യൂണിറ്റിന്റെ സെക്രട്ടറിയും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമായ ലീലാവതിയുടെ വിജയാനുഭവ കഥയിൽ നിന്ന്**

ഒന്നാംപേജ് തുടർച്ച ⇨

ജൈവവളം ഉപയോഗിച്ച് കുടുംബശ്രീ സംഘകൃഷി അംഗങ്ങൾ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളും ചെറുകിട സംരംഭകർ തയ്യാറാക്കുന്ന അലങ്കാര വസ്തുക്കൾ, കരകൗശല വസ്തുക്കൾ, വസ്ത്രങ്ങൾ, ബാഗുകൾ, ചെരുപ്പുകൾ എന്നിവയും ഓണച്ചന്തയിലെത്തും.

ജില്ലാതലത്തിൽ സംയോജിത മേൽനോട്ട സമിതിയുടെ നേതൃത്വത്തിൽ മെമ്പർ സെക്രട്ടറിമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺ, അക്കൗണ്ടന്റ്, ചെറുകിട സംരംഭ ഉപസമതി കൺവീനർമാർ, കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാർ എന്നിവർക്ക് ഓണച്ചന്തയുമായി ബന്ധപ്പെട്ട് പ്രത്യേക നിർദേശങ്ങൾ നലകി.

നഗരസഭ-പഞ്ചായത്ത്തലത്തിൽ ഭരണസമിതി അദ്ധ്യക്ഷൻമാർ ചെയർമാനും സി.ഡി.എസ് ചെയർപേഴ്സൺ കൺവീനറുമായ സംഘാടക സമിതിക്കാണ് അതത് പ്രദേശത്തെ കുടുംബശ്രീ ഓണച്ചന്തകളുടെ മേൽനോട്ടം വഹിക്കുന്നതിന്റെ ചുമതല. ജനപ്രതിനിധികൾ, ഭരണ സമിതി അംഗങ്ങൾ, സി.ഡി.സ്-എ.ഡി.എസ് അയൽക്കൂട്ട പ്രവർത്തകർ, ഉദ്യോഗസ്ഥർ, റസിഡന്റ്സ് അസോസിയേഷൻ, പ്രാദേശിക സംരംഭകർ തുടങ്ങിയവരാണ് സംഘാടക സമിതിയിൽ പങ്കെടുക്കുക. കൂടാതെ ഓണച്ചന്തയോടനുബന്ധിച്ച് ജില്ലാതലത്തിൽ മികച്ച സംരംഭകരേയും സി.ഡി.എസിനേയും തിരഞ്ഞെടുക്കും. ഓണച്ചന്ത സംഘാടനത്തിനു വേണ്ടി വരുന്ന തുക, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവ അതത് ജില്ലാ മിഷനുകൾ നൽകും.

## ആജീവിക വികസന കാമ്പെയ്ൻ

ആജീവിക പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എട്ട് കേന്ദ്രങ്ങളിൽ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള വികസന കാമ്പെയ്ൻ നടത്തി. എട്ട് കേന്ദ്രങ്ങളിലായി ജൂലൈ ഒന്നു മുതൽ 13 വരെയാണ് കാമ്പെയ്ൻ നടത്തിയത്. കുടുംബശ്രീ പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാമ്പെയ്ൻ സംഘടിപ്പിച്ചത്. സൂക്ഷ്മ സംരംഭങ്ങൾ, പ്ളേസ്മെന്റ്, സംഘകൃഷി എന്നീ മേഖലകളിലാണ് ഊന്നൽ നൽകുന്നത്. കുടുംബശ്രീ പരിശീലന ഗ്രൂപ്പായ എക്സാത്തിന്റെ കീഴിലാണ് സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് പരിശീലനം നൽകിയത്. 73 പഞ്ചായത്തുകളിലെ സി.ഡി.എസ് ചെയർപേഴ്സൺമാർ, ഉപസമിതി കൺവീനർമാർ എന്നിവർ വികസന കാമ്പെയ്നിൽ പങ്കെടുത്തു.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഫൈസൽ, അസി.കോ-ഓർഡിനേറ്റർമാരായ പി.കെ.അസീസ്, കെ.അബ്ദുൾ സലാം, എൻ.കെ.ഹരീഷ്, കെ.സി.ഹമീദ് എന്നിവർ കാമ്പെയ്ന് നേതൃത്വം നല്കി.

## ആശ്രയ പദ്ധതി ഇനി ആലപ്പാട്ടേക്കും

കുടുംബശ്രീയുടെ ദാരിദ്ര്യനിർമാർജന പദ്ധതികളിലൊന്നായ ആശ്രയ കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിലും പ്രാവർത്തികമാകുന്നു. പഞ്ചായത്ത് പ്രതിനിധികളും സി.ഡി.എസ്, എ.ഡി.എസ് പ്രവർത്തകരും ഉൾപ്പെട്ട ചർച്ചയിലാണ് തീരുമാനം. ആലപ്പാട് കൂടി ഉൾപ്പെടുന്നതോടെ ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ ആശ്രയയുടെ സർവേ ഉടൻ തന്നെ ആരംഭിക്കും. കുടുംബശ്രീ അംഗീകരിച്ച അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കുന്ന കുടുംബങ്ങളുടെ വിശദമായ പട്ടിക അയൽക്കൂട്ടങ്ങൾ തയ്യാറാക്കും. ഇതിന് പഞ്ചായത്ത് അംഗീകാരം നൽകുന്നതോടെ പട്ടികയിലുൾപ്പെട്ട കുടുംബങ്ങൾ ആശ്രയയുടെ പരിധിയിൽ വരും. പദ്ധതിപ്രകാരം ഒരു ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപയാണ് സർക്കാർ കുടുംബശ്രീ വഴി അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ സേവനങ്ങൾ ആശ്രയയിൽ ഉൾപ്പെടും.

ചർച്ചയിൽ ആലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജപ്രിയൻ, പഞ്ചായത്തംഗങ്ങൾ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.റ്റി. ബിജു, അസി.കോ-ഓർഡിനേറ്റർ എം. ജമാലുദ്ദീൻ തുടങ്ങിയവർ പങ്കെടുത്തു.

## ഓട്ടിസം: ദ്വിദിന ശിൽപശാല



കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഓട്ടിസം ബാധിതരായ കുട്ടികളുടെ രക്ഷിതാക്കൾക്കും പരിശീലകർക്കും വേണ്ടി ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസൽ ശിൽപശാല ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റൂഫസ് ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു.

ഓട്ടിസത്തെ കുറിച്ചും ഓട്ടിസം ബാധിതരായ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവരെ പരിശീലിപ്പിക്കുന്നതിനും ആവശ്യമായ അറിവും പ്രായോഗിക പരിശീലനവും മാതാപിതാക്കൾക്കും അവരുടെ അദ്ധ്യാപകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്. ഓട്ടിസം ബാധിതരായ കുട്ടികളെ പരസഹായമില്ലാതെ സ്വന്തം കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി ചിത്രങ്ങളും മറ്റും ഉപയോഗിച്ച് ആശയവിനിമയം നടത്തുന്ന രീതിയെ കുറിച്ചാണ് പരിശീലനം നൽകിയത്. ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ, വിവിധ അയൽക്കൂട്ട അംഗങ്ങൾ, കുടുംബശ്രീ ബഡ്സ് സ്കൂൾ അദ്ധ്യാപകർ എന്നിവർ ഉൾപ്പെടെ സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നായി 61 പേർ ശിൽപശാലയിൽ പങ്കെടുത്തു. ഗ്രീൻ ഹാർട്ട് ഗയാന ഓട്ടിസം സ്കൂൾ അദ്ധ്യാപികയും പരിശീലകയുമായ രേവതി നാരായണൻ ക്ളാസുകൾ നയിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഗീതാ ഫിലിപ്പ് സ്വാഗതം പറഞ്ഞു. റൂഫസ് ഡാനിയേൽ ആമുഖ പ്രസംഗം നടത്തി.ജില്ലാ മിഷൻ അസി. കോ-ഓർഡിനേറ്റർ ശ്രീലത കൃതജ്ഞത അറിയിച്ചു.

## കാർഷിക മേഖലയിൽ കുടുംബശ്രീയുടെ മുന്നേറ്റം:

# വയനാട് ജില്ലയിൽ 800 ഹെക്ടറിൽ സംഘകൃഷി വ്യാപിപ്പിക്കും

വയനാട് ജില്ലയിലെ കാർഷിക മേഖലയിൽ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ശ്രദ്ധേയമായ മുന്നേറ്റം. വനിതകളായ സംഘകൃഷി ഗ്രൂപ്പുകളെ അണിനിരത്തി ജില്ലയിലെ 800 ഏക്കറിൽ സംഘകൃഷി വ്യാപിപ്പിച്ചുകൊണ്ടാണ് കാർഷിക രംഗത്ത് ഹരിതശോഭ നിറയ്ക്കാൻ കുടുംബശ്രീ തയ്യാറെടുക്കുന്നത്.

ജില്ലയിൽ ഇതുവരെ 400 ഏക്കറിലാണ് സംഘകൃഷി നടത്തുന്നത്. ഇത് ഇരട്ടിയാക്കി 800 ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനാണ് പദ്ധതി. ഇതിന്റെ ഭാഗമായി 500 ഹെക്ടറിൽ കൃഷി നടത്താനുള്ള പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞു. നെല്ല്, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, കപ്പ, വാഴ, ചേന തുടങ്ങിയവയാണ് ജില്ലയിലെ 1000 സംഘകൃഷി ഗ്രൂപ്പുകൾ മുഖേന കൃഷി ചെയ്യിക്കുന്നത്.

സമ്പൂർണ പലിശ സബ്സ്ഡി ഉറപ്പു വരുത്തിയാണ് സംഘകൃഷി വ്യാപിപ്പിക്കാൻ പദ്ധതി തുടങ്ങിയിരിക്കുന്നത്. നബാർഡ്, കനറാ ബാങ്ക്, കുടുംബശ്രീ ജില്ലാ മിഷൻ എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംഘകൃഷി ഗ്രൂപ്പിലെ അംഗങ്ങൾ മുഖേനയാണ് ആദ്യഘട്ടത്തിൽ ബാങ്ക് വായ്പ നൽകി കൃഷി ഇറക്കുന്നത്. നബാർഡിന്റെ മാനദണ്ഡമനസരിച്ച് നിലവിലുള്ള സംഘകൃഷി ഗ്രൂപ്പുകളെ ഗ്രേഡ് ചെയ്തതിനു ശേഷമാണ് ബാങ്ക് വായ്പ നൽകുക.

പദ്ധതി പ്രകാരം ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ വായ്പ ലഭിക്കാൻ വ്യവസ്ഥയുണ്ട്. ഒരു വർഷമാണ് കാലാവധി. വായ്പയ്ക്ക് ഏഴു ശതമാനം മാത്രമേ പലിശ ഈടാക്കുകയുള്ളൂ. അതിൽ അഞ്ചു ശതമാനം കുടുംബശ്രീ ജില്ലാ മിഷനും ഒരു ശതമാനം വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ബാങ്കും ഇളവ് അനുവദിക്കും, ബാക്കി വരുന്ന ഒരു ശതമാനത്തിന് ജില്ലാ മിഷൻ കൃഷി വ്യാപന പദ്ധതി പ്രകാരം പ്രത്യേകമായി നൽകുന്ന ഏരിയ ഇൻസന്റീവും, നബാർഡ് സംഘകൃഷിക്കു നൽകുന്ന ഇൻസന്റീവായ 2000 രൂപയും വായ്പാ പലിശ ഇനത്തിലുള്ള തിരിച്ചടവിന് ഉപയോഗിക്കാനാവും. ഇങ്ങനെപദ്ധതി പ്രകാരം കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പ് അംഗങ്ങൾക്ക് സമ്പൂർണ പലിശ രഹിത വായ്പ ലഭ്യമാക്കാൻ കഴിയും.

ആദ്യഘട്ടത്തിൽ പടിഞ്ഞാറത്തറ, മാനന്തവാടി, പയ്യമ്പള്ളി, കനറാ ബാങ്ക് ബ്രാഞ്ചുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. തുടർന്ന് ജില്ലയിലെ 26 സി.ഡി.എസുകൾക്ക് കീഴിലുള്ള സംഘകൃഷി ഗ്രൂപ്പുകൾക്കും പദ്ധതിയുടെ ഗുണം ലഭിക്കും, കുടുംബശ്രീയിൽ നിലവിലുള്ള 3400 ഗ്രൂപ്പുകളെ ഗ്രേഡ് ചെയ്ത് അതിൽ നിന്നും 1000 സംഘങ്ങളെയാണ് പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്.

ജില്ലയിൽ 685 മാസ്റ്റർ കർഷകരെയാണ് സഹായത്തിനായി ഉപയോഗിക്കുന്നത്. 12 കർഷക സഹായകേന്ദ്രങ്ങൾ ജില്ലയിൽ പുതുതായി ആരംഭിക്കും. വളം, വിത്ത്, വിപണനം, പിന്തുണാ സംവിധാനം, യന്ത്രവൽക്കരണം, വൈദഗ്ധ്യ പരിശീലനം എന്നിവ കുടുംബശ്രീ മറ്റ് ഏജൻസികളുമായി സഹകരിച്ച് ഉറപ്പു വരുത്തും. പുതുതായി നിയമിക്കുന്ന എം.കെ.എസ്.പി ബ്ളോക്ക് കോ-ഓർഡിനേറ്റർമാരുടെ സേവനവും പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കും.

## കുടുംബശ്രീ സൂക്ഷ്മ സംരംഭ വികസനം : മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാരെ തിരഞ്ഞെടുത്തു

പഞ്ചായത്ത് നഗരസഭാതലത്തിൽ കുടുംബശ്രീ സൂക്ഷ്മ സംരംഭ വികസന പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 46 മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാരെ തിരഞ്ഞെടുത്തു പരിശീലനം നൽകുന്നതിന്റെ ആദ്യഘട്ടം പൂർത്തിയായി. 46 പേരെയാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തത്. അഹമ്മദ്ബാദിലെ എന്റർപ്രീനർഷിപ്പ് ആൻഡ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരുടെ നേതൃത്വത്തിലാണ് ഇവർക്ക് പരിശീലനം ലഭ്യമാക്കിയത്.

നിലവിലുള്ള കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണാ സംവിധാനം ലഭ്യമാക്കുന്നതിനും പുതുതായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുകയുമാണ് പ്രധാനമായും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാരുടെ ചുമതല. സംസ്ഥാനത്തെ ജില്ലാ മിഷനുകളിൽ നിലവിലുള്ള സൂക്ഷ്മ സംരംഭ വികസന പദ്ധതികളുടെ ഏകോപനവും ഫീൽഡ്തലത്തിൽ അവയുടെ നിർവഹണവും ഇവരിലൂടെ ലക്ഷ്യമിടുന്നുണ്ട്.

## ഔഷധകൃഷിയിലെ നേട്ടവുമായി ധനലക്ഷ്മി സംഘകൃഷി അംഗങ്ങൾ



സംഘകൃഷിയിൽ ഒരു പുതു പരീക്ഷണം എന്ന നിലയിലാണ് കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്ത് സി.ഡി.എസിലെ ധനലക്ഷ്മി ഗ്രൂപ്പ് അംഗങ്ങൾ നായ്ക്കുരണപ്പരിപ്പ് കൃഷി ചെയ്യാൻ മുന്നിട്ടിറങ്ങിയത്. ഔഷധപ്രാധാന്യമുള്ള നായ്ക്കുരണപ്പരിപ്പിന് വിപണിയിൽ വൻതോതിലുള്ള ആവശ്യവും ഉയർന്ന വിലയുമാണ് ഇവരെ ഈ കൃഷിയിലേക്ക് ആകർഷിച്ചത്.

പടിയൂർ ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലെ നേടിയോട്ടിച്ചാൽ പ്രദേശത്ത് രണ്ട് ഏക്കർ സ്ഥലം പാട്ടത്തിനെടുത്താണ് ശോഭന, സരസ്വതി, ലക്ഷ്മി, റെജി എന്നീ സംഘാംഗങ്ങൾ നായ്ക്കുരണപ്പരിപ്പ് കൃഷി ചെയ്തത്. ഉളിക്കൽ പഞ്ചായത്തിൽ നായ്ക്കുരണപ്പരിപ്പ് വിജയകരമായി കൃഷി ചെയ്യുന്ന കർഷകൻ ജോയി പാറക്കലാണ് ഇവർക്ക് കൃഷിക്ക് ആവശ്യമായ വിത്തുകളും നിർദ്ദേശങ്ങളും നൽകിയത്. ഒരു കിലോ വിത്തിന് 500 രൂപ നിരക്കിൽ മൂന്ന് കിലോ വിത്താണ് കൃഷിക്ക് ഉപയോഗിച്ചത്.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിലം ഒരുക്കുന്നതുൾപ്പെടെയുള്ള പണികൾ ചെയ്തത്. വളത്തിനും മറ്റുമായി 25,000 രൂപയും വിത്ത് ശേഖരണത്തിനും സംസ്കരണത്തിനുമുള്ള വസ്തുക്കൾ വാങ്ങിയതും അടക്കം രണ്ട് ഏക്കർ കൃഷിക്ക് 45,000 രൂപയാണ് ചെലവായത്.

നട്ട് എട്ടു മാസം കഴിഞ്ഞപ്പോൾ നായ്ക്കുരണപ്പരിപ്പ് വിളവെടുക്കാൻ സാധിച്ചു. വിളവെടുത്ത പരിപ്പ് കിലോക്ക് 300 രൂപ നിരക്കിൽ 1.50 ക്വിന്റൽ പരിപ്പാണ് കോട്ടക്കൽ ആര്യവൈദ്യശാലയ്ക്ക് ഇവർ നൽകിയത്. ഇതിൽ നിന്നും മുടക്കുമുതൽ തിരിച്ചുപിടിക്കാൻ കഴിഞ്ഞു. അതുകൂടാതെ നായ്ക്കുരണപ്പരിപ്പിന്റെ തൊണ്ടിലെ പൊടി വേർതിരിച്ചെടുത്ത് കിലോക്ക് 4500 രൂപ നിരക്കിൽ വിപണനം നടത്താനും ഇവർക്ക് സാധിച്ചു. 20 കിലോ പൊടിയാണ് ഇവർ വിപണനം നടത്തിയത്. ഈയിനത്തിൽ തന്നെ 90,000 രൂപയായിരുന്നു വരുമാനം. നായ്ക്കുരണപ്പരിപ്പിന്റെ വിപണി സാധ്യതയെക്കുറിച്ച് മനസിലാക്കിയതോടെ ഈ മേഖലയിൽ കൂടുതൽ സജീവമാകാനാണ് ഇവർ ലക്ഷ്യമിടുന്നത്. ഇത്തവണത്തെ കൃഷിയിൽ നിന്ന് മികച്ച ഉല്പാദനവും ലാഭവും ലഭിച്ച ഈ സംഘകൃഷി അംഗങ്ങൾ വരും വർഷങ്ങളിൽ കൂടുതൽ വിപുലമായ രീതിയിൽ നായ്ക്കുരണപ്പരിപ്പ് കൃഷി ചെയ്യുവാനുള്ള തയ്യാറെടുപ്പിലാണ്.

## ആശുപത്രിയിൽ കുടുംബശ്രീ വിശ്രമകേന്ദ്രം

തൃശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗവൺമന്റ് നെഞ്ചുരോഗാശുപത്രിയിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള വിശ്രമകേന്ദ്രം തുറക്കും. മുണ്ടത്തിക്കോട് പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിനാണ് ഇതിന്റെ നടത്തിപ്പു ചുമതല.

## സമ്പൂർണ വായ്പാതിരിച്ചടവ് കാമ്പെയ്ൻ

വയനാട് ജില്ലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ബാങ്കിൽ നിന്നെടുത്ത വായ്പാ കുടിശിക നിർണയിച്ച് വേഗത്തിൽ തിരിച്ചടയ്ക്കുന്നതിനുള്ള സമ്പൂർണ വായാപാ തിരിച്ചടവ് കാമ്പെയ്ൻ തുടങ്ങി.

നൂറ് ശതമാനം വായ്പാ തിരിച്ചടവ് കാമ്പെയ്ന്റെ ഭാഗമായി ജില്ലയിലെ വിവിധ ബാങ്കുകളിൽ നിന്നും മാനേജർമാർ മുഖേന കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എടുത്ത വായ്പകൾ ശേഖരിക്കും. തുടർന്ന് സി.ഡി.എസ്തലത്തിൽ യോഗം ചേർന്ന് കുടിശിക വരുത്തിയ അംഗങ്ങളെ കണ്ടെത്തും.

ബാങ്ക് മാനേജർ, സി.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സി.ഡി.എസ് മെമ്പർ സെക്രട്ടറി, സിഡി.എസ് അക്കൗണ്ടന്റ് എന്നിവർ കാമ്പെയ്ന് നേതൃത്വം നൽകും.

സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ഏകദിന ശിൽപശാല നബാർഡ് ഡെപ്യൂട്ടി ഡിവിഷണൽ മാനേജർ വി.എസ്.സജി കുമാർ ഉദ്ഘാടനം ചെയ്തു. ലീഡ് ബാങ്ക് മാനേജർ കെ.ടി.ജോർജ് ക്ളാസുകൾ നയിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി.മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു, അസി.കോ-ഓർഡിനേറ്റർ കെ.കെ.മുംതാസ് കാസിം സ്വാഗതവും യു.എസ്.സലീന കൃതജ്ഞതയും അറിയിച്ചു.

## ബാലസഭാ റിസോഴ്സ് പേഴ്സൺമാർക്ക് ദ്വിദിന പരിശീലനം: ജില്ലാതല ഉദ്ഘാടനം നടത്തി

മലപ്പുറം ജില്ലയിൽ എടവണ്ണയിൽ കുടുംബശ്രീ ബാലസഭാ റിസോഴ്സ് പേഴ്സൺമാർക്കുള്ള ദ്വിദിന പരിശീലനത്തിന്റെ ജില്ലാതല ഉദ്ഘാടനം പി.കെ.ബഷീർ എം.എൽ.എ നിർവഹിച്ചു. എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷർമ്മിള അദ്ധ്യക്ഷത വഹിച്ചു.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നതിനായി റിസോഴ്സ് പേഴ്സൺമാരെ സജ്ജരാക്കുന്നതിനു വേണ്ടിയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും ബാലപഞ്ചായത്ത് രൂപീകരിക്കും. പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എ.അഹമ്മദ്കുട്ടി, ചൈൽഡ് ലൈൻ വെൽഫെയർ കമ്മിറ്റി ചെയർമാൻ അഡ്വ.ഷരീഫ് ഉള്ളത്ത്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഇസ്മായിൽ, അസി.കോ-ഓർഡിനേറ്റർ സജയ്.പി.ജില്ലാ റിസോഴ്സ് പേഴ്സൺമാരായ കെ.റഹീം, വി.പി.അലി അക്ബർ, ബാലസഭാ കൺസൾട്ടന്റ് ടി.റിയാസ് മോൻ, സി.ഡി.എസ് വൈസ് പ്രസിഡന്റ് ഉഷാ നായർ എന്നിവർ സംസാരിച്ചു. സി.ഡി.എസ് പ്രസിഡന്റ് റംല സുബൈർ സ്വാഗതവും പഞ്ചായത്ത് അക്കൗണ്ടന്റ് വി.റാഫി നന്ദിയും പറഞ്ഞു.

## ഏകദിന ശിൽപശാല

കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ബ്ളോക്കുകളിലെയും നഗരസഭയിലെയും ബാങ്കുകളിലെ ബ്രാഞ്ച് മാനേജർമാർക്കായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം സുഗമമാക്കുക, ബാങ്കിംഗ് സേവനങ്ങൾ അയൽക്കൂട്ടങ്ങൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുക, അയൽക്കൂട്ടങ്ങളിൽ നിന്നും ബാങ്കിലേക്കുള്ള വായ്പാ തിരിച്ചടവ് നൂറു ശതമാനം ഉറപ്പു വരുത്തുക എന്നിവയുടെ ഭാഗമായാണ് പരിശീലനം നടത്തിയത്.

ശിൽപശാല അൻവൻ സാദത്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ആലുവ നഗരസഭാ ചെയർമാൻ എം.ടി.ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ലീഡ് ബാങ്ക് മാനേജർ ജയപ്രകാശ് ആമുഖ പ്രസംഗം നടത്തി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ്, അസി. കോ-ഓർഡിനേറ്റർമാരായ മഞ്ജു വി. ബാങ്കിംഗ് റിസോഴ്സ് പേഴ്സൺ എം.പി.വർഗീസ് തുടങ്ങിയവർ ക്ളാസുകൾ നയിച്ചു.

## ബഡ്സ് സ്കൂൾ ഉദ്ഘാടനം

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ ബ്ലോക്കിലെ രാമന്തളി പഞ്ചായത്തിൽ ആരംഭിച്ച കുടുംബശ്രീ ബഡ്സ് സ്കൂളിന്റെ ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിച്ചു. സി.കൃഷ്ണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ജില്ലയിൽ കുടുംബശ്രീയുടെ പതിമൂന്നാമത് ബഡ്സ് സ്കൂളാണ് 'പ്രതീക്ഷ' എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചത്. രാമന്തളി കുന്നരു റോഡിൽ കുരിശുമുക്കിൽ വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. സംഭാവനയായി ലഭിച്ചിട്ടുള്ള ഇരുപത് സെന്റ് സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമിക്കുന്നതിനായി പഞ്ചായത്ത് പ്ളാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. നിലവിൽ 22 കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. സമീപ പഞ്ചായത്തിലെ കുഞ്ഞിമംഗലത്തു നിന്നും എട്ട് കുട്ടികൾ കൂടി സ്കൂളിൽ ചേരുന്നതിന് തയ്യാറായിട്ടുണ്ട്.

## കുടുംബശ്രീ ബഡ്സ് സ്കൂളിന് പുതിയ കെട്ടിടം

പാലക്കാട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ബഡ്സ് സ്കൂൾ പുതിയ കെട്ടിടത്തിന്റെയും ബഡ്സ് സ്കൂൾ പുതിയ വിദ്യാർത്ഥികളുടെ യാത്രാക്ളേശം പരിഹരിക്കുന്നതിനായി കുടുംബശ്രീ അനുവദിച്ച സ്കൂൾ ബസിന്റെയും ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.കണ്ടമുത്തൻ നിർവഹിച്ചു. മാത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുമതി അദ്ധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്ളാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ചാണ് ബഡ്സ് സ്കൂൾ കെട്ടിട നിർമാണം പൂർത്തിയാക്കിയത്. ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ കെ.വി.രാധാകൃഷ്ണൻ, ബ്ളോക്ക് പ്രസിഡന്റ് വി.രാമകൃഷ്ണൻ, മാത്തൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ബാലപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം

കാസർകോട് ജില്ലാ മിഷൻ ബാലപഞ്ചായത്ത്, വിവിധ ക്ളബുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ജില്ലയിലെ 34 ബാലപഞ്ചായത്തുകളില കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് നിയമ വിദഗ്ധർ ക്ളാസുകൾ നയിച്ചു.

സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി കാസർകോട് കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി നടത്തിയ ബാലസംഗമം പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ രാജേശ്വരി അദ്ധ്യക്ഷത വഹിച്ചു,

പരിപാടിയിൽ 73 ബാലസഭാംഗങ്ങൾ പങ്കെടുത്തു. 'കുട്ടികളുടെ അവകാശങ്ങൾ' എന്ന വിഷയത്തിൽ സിവിൽ പോലീസ് ഓഫീസർ പി.കെ.രാമകൃഷ്ണൻ ക്ളാസ് നയിച്ചു.

സി.ഡി.എസ് മെമ്പർമാർ, എ.ഡി.എസ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ബാലസഭാ കൺവീനർ എം.നാരായണി സ്വാഗതവും കുടുംബശ്രീ വൈസ് വൈസ് ചെയർപേഴ്സൺ കെ.ശകുന്തള നന്ദിയും പറഞ്ഞു.

